(ബി) 24 മണിക്കൂറും ഓൺലൈനായി ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടി സ്വീകരിക്കുകയാണ് മുഖ്യമന്ത്രിയുടെ 24x7 കാൾ സെന്ററിന്റെ ലക്ഷ്യം. പരാതികൾ ഓൺലൈനായി അയയ്ക്കുന്നതിനാൽ ഉടൻതന്നെ ഉദ്യോഗസ്ഥർക്ക് ലഭിക്കുകയും ഫയൽ പ്രോസസിംഗിനുള്ള കാലതാമസം ഒഴിവാകുകയും ചെയ്യുന്നു.

(സി) ഓൺലൈനായും, ഫോണിൽ കൂടിയും പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതും, സർക്കാരിനെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങൾ പൊതുജനങ്ങൾക്ക് ആരായാവുന്നതും, അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെലിഫോൺ മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു.

(ഡി) ഓൺലൈനായും ഫോണിൽ കൂടിയും ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര സ്വഭാവമുള്ളവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് ഉടൻതന്നെ പരിഹരിക്കുകയും അല്ലാത്തവ രജിസ്റ്റർ ചെയ്ത ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓൺലൈനായി അയച്ചുകൊടുക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 48 മണിക്കൂറിനുള്ളിൽ നടപടി സ്വീകരിച്ചില്ലെങ്കിൽ വകുപ്പുതലവൻ അഞ്ചു ദിവസത്തിനുള്ളിൽ നിരീക്ഷിച്ച് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നിട്ടും നടപടി സ്വീകരിച്ചില്ലെങ്കിൽ 10 ദിവസത്തിനുള്ളിൽ ഗവൺമെന്റ് സെക്രട്ടറി പരാതിയിന്മേൽ നടപടി എടുക്കേണ്ടതും ആയതിൽ വീഴ്ച വന്നാൽ 14 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. രജിസ്റ്റർ ചെയ്ത പരാതികളിൽ സ്വീകരിച്ച നടപടിക്രമങ്ങൾ ഓൺലൈനായി പരാതിക്കാർക്ക് ഏതു സമയത്തും അറിയാൻകഴിയും.

മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ്

2 (6147) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണെന്നു വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നയപരിപാടികളെക്കുറിച്ചും മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുക എന്നതും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഇ-മെയിൽ അധിഷ്ഠിതമായ പൊതുജനസമ്പർക്കം, ഭരണ സുതാര്യത ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ 24 മണിക്കൂർ ലൈവ് വെബ്കാസ്റ്റിങ്, സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും, മാധ്യമവാർത്തകളും, മുഖ്യമന്ത്രി നിയമസഭയിൽ നടത്തുന്ന പ്രസംഗങ്ങളുടെ അച്ചടിരൂപം, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള പത്രക്കുറിപ്പുകൾ, മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചുള്ള വിവരങ്ങൾ, ജനസമ്പർക്ക പരിപാടികളെക്കുറിച്ചുള്ള അറിയിപ്പുകളും മറ്റ് വിവരങ്ങളും, മുഖ്യമന്ത്രിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ, സുതാര്യകേരളം എന്നിവയിൽ ഓൺലൈനായി പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാനും പരാതികളുടെ തൽസ്ഥിതിവിവരം അറിയിക്കാനുമുള്ള സൗകര്യം, സെക്രട്ടേറിയറ്റ് ഫയൽ ട്രാക്കിങ് സൗകര്യം, മുഖ്യമന്ത്രിക്കു നൽകിയ പരാതിയുടെ തൽസ്ഥിതി, മുഖ്യമന്ത്രിയുടെ ജീവചരിത്രം എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മികച്ച വെബ്സൈറ്റിനുള്ള വെബ് രത്ന അവാർഡാണ് ലഭിച്ചത്.

(ഡി) മികച്ച പൊതുജന പങ്കാളിത്ത സംരംഭത്തിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്.

കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും

3 (6148) ഡോ. കെ. ടി. ജലീൽ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും വിവരവിജ്ഞാനീയ സാധ്യതകൾ മുൻനിർത്തി പുനർ നിർവചിച്ച് വ്യവസ്ഥ ചെയ്യുകയും പ്രാബല്യപ്പെടുത്തുകയും ചെയ്യാൻ തയ്യാറാകുമോ ;

(ബി) ഇതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly